# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1919 01.02.2018- ൽ മറുപടിയ്ക്ക്

**ലോക കേരള സഭ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി. വിജയദാസ്** | **ശ്രീ. പിണറായി വിജയൻ** *(മുഖ്യമന്ത്രി)* |
| എ) ലോക കേരള സഭ ചേർന്ന് കേരള വികസനത്തിനായി എടുത്തിട്ടുള്ള തീരുമാനങ്ങളുടെ വിശദവിവരം നല്കുമോ ; | എ) കേരളത്തിന്റെ വികസന ഭാവിയ്ക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്. |

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.
- പുതിയ കാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം- ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നല്കും.
- കേരള വികസന നിധി രൂപീകരണം
- പ്രവാസി സംരക്ഷണ പദ്ധതി- രോഗബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നല്കാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ.
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം.

- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ.
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

| | | | |
|---|---|---|---|
| ബി) | സഭ സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദവിവരം അംഗങ്ങൾക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) | സഭ സംബന്ധിച്ച നടപടിക്രമങ്ങളും തീരുമാനങ്ങളും അന്തിമമാകുന്ന മുറയ്ക്ക് വിശദ വിവരം അംഗങ്ങൾക്ക് നല്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ